# വസ്ത്രമോടിയുടെ അഹന്ത

عَنْ عَبْدِ اللَّهِ بْنِ عُمَرَ رَضِيَ اللَّهُ عَنْهُمَا قَالَ: قَالَ رَسُولُ اللَّهِ ﷺ: مَنْ لَبِسَ ثَوْبَ شُهْرَةٍ فِي الدُّنْيَا أَلْبَسَهُ اللَّهُ ثَوْبَ مُذَلَّةٍ يَوْمَ الْقِيَامَةِ ثُمَّ أَلْهَبَ فِيهِ نَارًا (رواه ابن ماجه)

അബ്ദുല്ലാഹിബ്നു ഉമറിൽ നിന്ന് നബി(സ) പറഞ്ഞു:
“ആരെങ്കിലും ദുൻയാവിൽ പ്രസിദ്ധിയുടെ വസ്ത്രം ധരിച്ചാൽ അല്ലാഹു അന്ത്യനാളിൽ അവനെ നിന്ദ്യതയുടെ വസ്ത്രം ധരിപ്പിക്കും. എന്നിട്ട് അതിൽ തീ ആളിക്കത്തിക്കുന്നതാണ്.” (ഇബ്നുമാജ)

ഇസ്‌ലാമിക വീക്ഷണത്തിൽ വസ്ത്രധാരണത്തിന്റെ ലക്ഷ്യം രണ്ടാണ്-നഗ്നത മറയ്ക്കലും അലങ്കാരവും. അല്ലാഹു അവന്റെ അടിമകൾക്കേകിയ എണ്ണമറ്റ അനുഗ്രഹങ്ങളിൽ അതിമഹത്തായ ഒന്നാണ് വസ്ത്രം. ന്യായമായ മാർഗേണ, മിതമായ തോതിൽ, കൃതജ്ഞതാബോധത്തോടെയായിരിക്കണം മനുഷ്യൻ ഈ അനുഗ്രഹങ്ങളത്രയും അനുഭവിക്കേണ്ടത്. പേരും പ്രശസ്തിയും പൊങ്ങച്ചവും ഉദ്ദേശിച്ച് വല്ലവനും വസ്ത്രധാരണത്തിൽ പരിധി വിടുന്നുവെങ്കിൽ പരലോകത്ത് അവനെ കാത്തിരിക്കുന്ന നിന്ദ്യവും നോവേറിയതുമായ ശിക്ഷയെ സംബന്ധിച്ച മുന്നറിയിപ്പാണ് പ്രകൃത നബിവചനം.

നമസ്കാരം, ജുമുഅ, പെരുന്നാളുകൾ, പൊതുസമ്മേളനയിടങ്ങൾ തുടങ്ങി ആരാധനാ വേളകളിലും ആഘോഷ സന്ദർഭങ്ങളിലും പൊതുജന സംഗമങ്ങളിലും വൃത്തിയും ഭംഗിയുമുള്ള വസ്ത്രങ്ങൾ ധരിച്ച് എത്താനാണ് നബി(സ)യുടെ നിർദേശം. അനുവദനീയമായ ഇത്തരം വേഷവിധാനങ്ങൾ അതിരുവിടുമ്പോഴാണ് ധൂർത്തും ദുർവ്യയവുമാകുന്നതും, ഇത്തരം വേഷധാരികൾ ചെകുത്താന്റെ ചങ്ങാതിമാരായി മാറുന്നതും. നബി(സ) പറഞ്ഞു: “നീ തിന്നുകൊള്ളുക, കുടിച്ചുകൊള്ളുക, വസ്ത്രം ധരിച്ചുകൊള്ളുക, ധർമം നൽകുകയും ചെയ്തുകൊള്ളുക, ധൂർത്തും ദുർവ്യയവുമാകാത്ത വിധത്തിൽ.”

ഹൃദയത്തിൽ ഒരണുമണിത്തൂക്കമെങ്കിലും അഹന്തയുള്ളവൻ സ്വർഗത്തിൽ കടക്കുകയില്ലെന്ന് നബി(സ) പറഞ്ഞപ്പോൾ ഒരു സ്വഹാബി ചോദിച്ചു: “ഒരാൾ നല്ല വസ്ത്രങ്ങളും നല്ല ചെരിപ്പും ധരിക്കാനല്ലേ ഇഷ്ടപ്പെടുക?” പ്രവാചകൻ: “അല്ലാഹു സൗന്ദര്യ സമ്പൂർണനാണ്. സൗന്ദര്യത്തെ അവനിഷ്ടപ്പെടുന്നു. എന്നാൽ അഹന്തയെന്നത് സത്യത്തെ ധിക്കരിക്കലും ആളുകളെ നിന്ദിക്കലുമാണ്.” ഒരാൾ ഇബ്നുഉമറി(റ)നോട് ചോദിച്ചു: “ഞാൻ എന്തു വസ്ത്രമാണ് ധരിക്കേണ്ടത്?” ഇബ്നുഉമർ പറഞ്ഞു: “വിഡ്ഢികൾ അവഹേളിക്കുന്നതും പണ്ഡിതന്മാർ കുറ്റപ്പെടുത്താത്തതുമായവ.”

വസ്ത്രധാരണത്തിൽ അഹങ്കാരവും പൊങ്ങച്ച പ്രകടനവും വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടത് വിശ്വാസിയുടെ ബാധ്യതയാണ്. നബി(സ) പറഞ്ഞു: “അഹങ്കാരത്തോടെ വസ്ത്രം വലിച്ചിഴച്ച് നടക്കുന്നവനിലേക്ക് അന്ത്യനാളിൽ അല്ലാഹു നോക്കുകയില്ല.”

വസ്ത്രധാരണത്തെപ്പോലും തനിക്ക് ലഭിച്ച അനുഗ്രഹത്തിന് ദൈവത്തെ സ്തുതിക്കാനുള്ള അവസരമാക്കി മാറ്റുന്ന ഒരാളെ ഒരിക്കലും മേൽപറഞ്ഞ ദുർഗുണങ്ങൾ പിടികൂടുകയില്ല. വസ്ത്രം ധരിക്കുമ്പോഴുള്ള നബി(സ)യുടെ ഒരു പ്രാർഥന ശ്രദ്ധേയമാണ്: “എന്റെ നഗ്നത മറയ്ക്കാനും ആളുകൾക്കിടയിൽ സൗന്ദര്യമണിയാനും എനിക്ക് അലങ്കാര വസ്ത്രങ്ങളരുളിയ അല്ലാഹുവിന് സർവസ്തുതിയും.”

ജനങ്ങൾക്ക് മുമ്പിൽ ഔന്നത്യവും പൊങ്ങച്ചവും നടിക്കുകയെന്നത് വസ്ത്രധാരണത്തിന്റെ മുഖ്യ ഉദ്ദേശ്യമാകുമ്പോൾ അത് ദൈവിക ശിക്ഷക്ക് നിമിത്തമായിത്തീരുന്നു. പരിധി വിടുകയും ധൂർത്തും ദുർവ്യയവും മുഖമുദ്രയാക്കുകയും ചെയ്യുന്ന, അഹങ്കാരവും പൊങ്ങച്ചവും കാണിക്കുന്ന ആരെയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല എന്നതാണതിന് കാരണം. അതിനാൽ തന്നെ അത്തരം പ്രവണതകളിലേക്ക് നയിക്കുന്ന വസ്ത്രങ്ങൾ ഇസ്‌ലാം കർശനമായി വിലക്കുന്നു.

രാജ്യത്തെ പൗരന്മാരെ സേവിക്കേണ്ടവരും അവർക്ക് മഹിത മാതൃകയാവേണ്ടവരുമായ ഭരണാധികാരികളും സമൂഹത്തിലെ സമ്പന്ന വിഭാഗങ്ങളും പതിനായിരങ്ങളും ലക്ഷങ്ങളും വിലമതിക്കുന്ന വേഷഭൂഷാദികളിൽ അഭിരമിക്കുന്ന പ്രവണതയാണ് ഇന്ന് സർവത്ര കാണിക്കുന്നത്. അത്തരക്കാർ മൂസാ നബി(അ)യുടെ അനുയായികളിലൊരാളായിരുന്ന ഖാറൂൻ എന്ന ധനാഢ്യന്റെ ചരിത്രം പഠിക്കട്ടെ. സർവാലങ്കാര വിഭൂഷിതനായി, വിലപിടിച്ച അടയാളങ്ങളും മുദ്രകളും തുന്നിച്ചേർത്ത ആടകളണിഞ്ഞ്, അഹങ്കാരത്തിന്റെ പ്രതിരൂപമായി ജനങ്ങളുടെ നടുവിലേക്കിറങ്ങി വന്ന് അവരുടെ ശ്രദ്ധ പിടിച്ചുപറ്റിയ ഖാറൂൻ നിമിഷനേരം കൊണ്ട് ഭൂമിയുടെ ആഴങ്ങളിലേക്കാണ്ടുപോയ കഥ ഖുർആൻ വിവരിക്കുന്നത് അത്തരം പ്രവണതകൾ പൂവിട്ട് പൂജിക്കുന്നവർക്ക് എക്കാലത്തേക്കുമുള്ള പാഠമാണ്. ഏകാധിപത്യത്തിന്റെയും സർവാധിപത്യത്തിന്റെയും സ്ഥാനവസ്ത്രങ്ങളണിഞ്ഞ് ഭൂമിയിൽ ഔദ്ധത്യം നടിക്കുകയും ‘ദൈവം’ ചമയുകയും ചെയ്ത ഫിർഔൻ-ഹാമാനാദികളുടെ പരിണതിയും ഖുർആൻ പറഞ്ഞുതരുന്നു.

ഐഹിക ജീവിതത്തിൽ പൊങ്ങച്ചത്തിന്റെയും അഹന്തയുടെയും വില കൂടിയ വസ്ത്രങ്ങൾ ധരിക്കുന്നവർ അന്ത്യനാളിൽ തങ്ങൾ അണിയിക്കപ്പെടുക കൊടുംനിന്ദ്യതയുടെ അസഹ്യവും ചുട്ടുപൊള്ളുന്നതുമായ വസ്ത്രമായിരിക്കുമെന്ന പ്രകൃത ഹദീസിന്റെ മുന്നറിയിപ്പ് ഓർക്കുക. ■